**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **16-03-2022 - ൽ മറുപടിയ്ക്ക്**

**സി.ഡി.എസ്. അക്കൗണ്ടന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കുടുംബശ്രീ മിഷന് കീഴിൽ സി.ഡി.എസ്. അക്കൗണ്ടന്റുമാരായി 12 വർഷക്കാലമായി തുടർച്ചയായി ജോലി ചെയ്യുന്നവർക്ക് ഒരു ദിവസത്തെ സർവ്വീസ് ബ്രേക്ക് വരുത്തിയശേഷം സർവ്വീസ് നീട്ടി നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയത് പുനഃപരിശോധിക്കുമോ; | (എ) | കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09/07/2019 ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13.12.2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്ന് ദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതു പ്രകാരം സിഡിഎസ് അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്. |
| (ബി) | സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് അഞ്ചുവർഷമായി ശമ്പള വർദ്ധനവ് ഇല്ലായെന്നും ഇവർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ലായെന്നുമുള്ള സ്ഥിതി പരിശോധിച്ച് ശമ്പള വർദ്ധനവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സിഡിഎസ് അക്കൗണ്ടന്റുമാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ